ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ഗവൺമെന്റിനും ആകാശവാണി അധികൃതർക്കും സ്വീകാര്യമായ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ട് 24-12-1985-ൽ എറണാകുളം ജില്ലാ കളക്ടർ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ആകാശവാണിയിലെ ഉദ്യോഗസ്ഥൻമാർകൂടി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ നഗരത്തിൽ ലഭ്യമായ സ്ഥലങ്ങളുടെ അനുയോജ്യതയെപ്പറ്റി പഠിക്കുന്നതിനു് ആകാശവാണിയിലെ വിദഗ്ധരെ അധികം താമസിയാതെ കൊച്ചിയിലേക്ക് അയയ്ക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള തീരുമാനം എടുക്കുകയുണ്ടായി. അപ്രകാരം വിദഗ്ധരെ അയയ്ക്കുവാൻ താമസിച്ചതുകൊണ്ട്, ആകാശവാണി ദക്ഷിണമേഖലാ ചീഫ് ഇഞ്ചിനീയർക്ക് ഗവൺമെന്റ് പ്രത്യേകമായി എഴുതിയിരിക്കുകയാണു്.

(സി) ഇക്കാര്യം കേന്ദ്രഗവൺമെന്റ് തീരുമാനിക്കേണ്ടതാണു്.

പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തവർക്ക് സ്വാതന്ത്ര്യ സമര പെൻഷൻ

343. [526] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര-വയലാർ സമരത്തെ ദേശീയ സ്വാതന്ത്ര്യസമരമായി അംഗീകരിച്ച് അതിൽ പങ്കെടുത്തവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തിട്ടുള്ള എത്ര പേർക്ക് ഇതിനാലകം സ്വാതന്ത്ര്യസമരഭട പെൻഷൻ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ആ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആർക്കെങ്കിലും സ്വാതന്ത്ര്യസമരഭട പെൻഷൻ ലഭിക്കാതെ വന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ് ;

(ഇ) അവർക്കുകൂടി സ്വാതന്ത്ര്യസമരഭടപെൻഷൻ നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുന്നപ്ര-വയലാർ സമരത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സംസ്ഥാനഗവൺമെന്റ് അംഗീകരിക്കുകയും അതിൽ പങ്കെടുത്തവർക്ക് നിലവിലുള്ള നിയമനുസരിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുകയും ചെയ്തുവരുന്നുണ്ട്. പുന്നപ്ര-വയലാർ സമരം ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിച്ച് പെൻഷൻ നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 920.

(സി), (ഡി) & (ഇ) ആലപ്പുഴ ജില്ലയിൽ സംസ്ഥാന സ്വാതന്ത്ര്യ സമര ഭടപെൻഷനുവേണ്ടിയുള്ള 3019 അപേക്ഷകൾ പരിഗണനയിലാണ്. ഇതിൽ ഒരു നല്ലവിഭാഗം അപേക്ഷകരും പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തിട്ടുള്ളതായി അവകാശപ്പെട്ടിരിക്കുന്നു. എല്ലാ അപേക്ഷകളിലും അവസാനതീരുമാനം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly